പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1990 — 18.06.2013 ൽ മറുപടിക്ക്

# സൗജന്യ വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷനും, വൈദ്യുതിയും നൽകുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗങ്ങൾക്കും പോസ്റ്റ് ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണപദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിലുള്ള എല്ലാ ബി.പി.എൽ വിഭാഗങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാത്ത പോസ്റ്റുകൾ ആവശ്യമുള്ളത് ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകി വരുന്നുണ്ട്. |
| (ബി) ഈ സർക്കാർ വന്നതിനുശേഷം എത്രപേരെ പുതുതായി ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ; | (ബി) ജീവൻ രക്ഷാ ഉപകരണം ഉപയോഗിക്കുന്ന രോഗികൾക്ക് മാസം 100 യൂണിറ്റ് എന്ന പരിമിതിയിൽ വൈദ്യുതി സൗജന്യമായി നൽകുന്നതിന് ഉൾപ്പെടുത്തിയിട്ടുണ്ട്. |

(. . . . 2)

| | | |
|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുള്ള സൗജന്യ വൈദ്യുതി കണക്ഷന്റെയും വൈദ്യുതിയുടെയും വിശദാംശം ലഭ്യമാക്കുമോ; | ബി.പി.എൽ വിഭാഗത്തിൽ ഏകദേശം 51,922 എണ്ണവും പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ ഏകദേശം 14,628 എണ്ണവും സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. സൗജന്യമായി നൽകിയ വൈദ്യുതിയുടെ അളവ് താഴെ കൊടുത്തിരിക്കുന്നു. |
| (ഡി) | നിലവിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് ശരാശരി ഒരു വർഷം സൗജന്യമായി നൽകുന്നത്; ആയതിന്റെ വിലയെത്രയാണ്; ഈ തുക സർക്കാർ ബോർഡിന് നൽകുന്നുണ്ടോ; ഈയിനത്തിൽ എത്ര തുക സർക്കാരിൽ നിന്നും ബോർഡിന് ലഭിക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ; | നിലവിൽ ഏകദേശം 2 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഒരു വർഷം സൗജന്യമായി നൽകുന്നത്. നിലവിൽ കമ്മീഷൻ അംഗീകരിച്ച താരിഫ് അനുസരിച്ച് 1.50 രൂപ നിരക്കിലാണ് സൗജന്യമായി നൽകുന്ന വൈദ്യുതിയുടെ താരിഫ്. 05.06.2012 ലെ കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സ് യോഗത്തിൽ സൗജന്യമായി വൈദ്യുതി നൽകുന്നതുവഴി ബോർഡിനുണ്ടാകുന്ന നഷ്ടം ഗവൺമെന്റ് സബ്സിഡിയായി നൽകാമെന്ന് ധാരണയായിട്ടുണ്ട്. ഈ ഇനത്തിൽ 2011-12, 2012-13 വർഷത്തേക്ക് 0.69 കോടി രൂപ ബോർഡിന് നൽകാനുണ്ട്. |
| (ഇ) | പട്ടികജാതി വിഭാഗങ്ങൾക്കും, ആദിവാസികൾക്കും സൗജന്യ വൈദ്യുതി നൽകിയതിന്റെ പേരിൽ പട്ടിക ജാതി ക്ഷേമവകുപ്പോ, പട്ടികവർഗ്ഗ ക്ഷേമവകുപ്പോ വൈദ്യുതി ബോർഡിന് പണം നൽകാനുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | 05.01.2009-ലെ G.O.(MS)No.02/09/SCSTDD സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലാകമാനം തിരിച്ചറിയാൻ സാധിച്ച 431 ആദിവാസി കോളനികളുടെ ഗാർഹിക വൈദ്യുത ചാർജ്ജിനത്തിൽ മുതൽ സംഖ്യയായ (പ്രിൻസിപ്പൽ എമൗണ്ട്) 56,84,352 രൂപ റ്റി.എസ്.പി ഫണ്ടിൽ നിന്നും വകയിരുത്തി നൽകുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ 2010 ലേയ്ക്ക് പവർ നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സ്പെഷ്യൽ പ്രോജക്ട്സ് (2225-02- |

300-22)-ലെ "Pooled Fund" ൽ നിന്നും ടി തുക വൈദ്യുതി ബോർഡിന് നൽകുന്നതിനുള്ള നടപടികൾ പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും സ്വീകരിച്ചിരുന്നെങ്കിലും ഇതുവരെ തുക ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ